# ഭരണഭാഷ - മാതൃഭാഷ

## സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം

dtekerala@gmail.com
04712561307

**നടപടിക്രമം**

സാങ്കേതിക വിദ്യാഭ്യാസം-ജീവനക്കാര്യം- കെമിക്കൽ എഞ്ചിനീയറിങ് വിഭാഗം ട്രേഡ് ഇൻസ്ട്രക്ടർ തസ്തികയിൽ നിന്നും ട്രേഡ്സ്മാൻ തസ്തികയി ലേയ്ക്ക് തരം താഴ്ത്തി കൊണ്ടും, ശൂന്യ വേതന അവധി കഴിഞ്ഞു വരുന്ന ഉദ്യോഗസ്ഥന് നിയമനം നല്കി കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ജീവനക്കാര്യം (ബി). - വിഭാഗം

നം: EB2/23682/23/ഡി.ടി.ഇ തിരുവനന്തപുരം , തീയതി: 03.10.2023

വായന:- 1. ഈ കാര്യാലയത്തിൽ നിന്നുള്ള 07/10/2018 ലെ ഇബി 2/37506/18 നമ്പർ ഉത്തരവ്
2 . കോഴിക്കോട് സർക്കാർ എഞ്ചിനീയറിങ് കോളേജ് പ്രിൻസിപ്പാളിന്റെ 14.06.2023 ലെ ഇ2/2171/15 നമ്പർ കത്ത്
3. ഈ കാര്യാലയത്തിൽ നിന്നുള്ള 12.07.2023 ലെ ഇതേ നമ്പർ കത്ത്
4 . ഈ കാര്യാലയത്തിൽ നിന്നുള്ള 21/10/2022 ലെ ലെ ഇബി 2/25988/22 നമ്പർ ഉത്തരവ്

**ഉത്തരവ്**

സൂചന (I) ഉത്തരവ് പ്രകാരം കോഴിക്കോട് സർക്കാർ എഞ്ചിനീയറിങ് കോളേജിലെ കെമിക്കൽ എഞ്ചിനീയറിങ് വിഭാഗം ട്രേഡ് ഇൻസ്ട്രക്ടറായ ശ്രീ സുജിത് ഇ യ്ക്ക് 06/10/2018 മുതൽ 05/10/2023 വരെ 5 വർഷത്തേയ്ക്ക് കേരള സർവീസ് ചട്ടം അനുബന്ധം XII A ഭാഗം (1) പ്രകാരം ശൂന്യവേതന അവധി അനുവദിച്ച് ഉത്തരവായിരുന്നു . അനുവദിച്ച അവധിയുടെ ഉപയോഗിക്കാത്ത ഭാഗം റദ്ദ് ചെയ്ത് 07/07/2023 ൽ ജോലിയിൽ പുന:പ്രവേശനം നൽകണമെന്ന് ആവശ്യപ്പെട്ട് ശ്രീ സുജിത് ഇ സ്ഥാപന മേധാവി മുഖേന സൂചന (I) ഉത്തരവ് പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ കെമിക്കൽ എഞ്ചിനീയറിങ് വിഭാഗം ട്രേഡ് ഇൻസ്ട്രക്ടറുടെ ഒഴിവില്ലാത്തതിനാൽ 07/07/2023 ൽ ജോലിയിൽ പുന:പ്രവേശനം നല്കാൻ കഴിയില്ലെന്ന് സൂചന (3) പ്രകാരം സ്ഥാപന മേധാവി മുഖേന ടിയാനെ അറിയിച്ചിരുന്നു. എന്നാൽ ടിയന്റെ അവധി 05/10/2023 ൽ അവസാനിക്കുന്നതിനാൽ 06/10/2023 മുതൽ ജോലിയിൽ പുന:പ്രവേശനം നല്കേണ്ടതുണ്ട്. നിലവിൽ ഈ വകുപ്പിൽ കെമിക്കൽ എഞ്ചിനീയറിങ് വിഭാഗം ട്രേഡ് ഇൻസ്ട്രക്ടറുടെ ഒഴിവ് ഇല്ലാത്തതിനാൽ ട്രേഡ്സ്മാൻ തസ്തികയിൽ നിന്നും ട്രേഡ് ഇൻസ്ട്രക്ടർ തസ്തികയിലേയ്ക്ക് അവസാനം പ്രമോഷൻ നല്കിയ ജീവനക്കാരനെ ട്രേഡ്സ്മാൻ തസ്തികയിലേയ്ക്ക് തരം താഴ്ത്തി ഒഴിവ് ഉണ്ടാക്കേണ്ടതുണ്ട്.

മേൽസാഹചര്യത്തിൽ സൂചന (4) പ്രകാരം ട്രേഡ്സ്മാൻ തസ്തികയിൽ നിന്നും ട്രേഡ് ഇൻസ്ട്രക്ടർ തസ്തികയിലേയ്ക്ക് അവസാനം പ്രമോഷൻ നല്കിയ നിലവിൽ തൃശ്ശൂർ എഞ്ചിനീയറിങ് കോളേജിൽ കെമിക്കൽ എഞ്ചിനീയറിങ് വിഭാഗം ട്രേഡ് ഇൻസ്ട്രക്ടർ ആയ ശ്രീ ഗിരീഷ്കുമാർ പി എന്നയാളെ ട്രേഡ്സ്മാൻ തസ്തികയിലേയ്ക്ക് തരം താഴ്ത്തി കളമശ്ശേരി സർക്കാർ പോളിടെക്ക്നിക്ക് കോളേജിലെ തുറന്ന ഒഴിവിൽ നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.

ശ്രീ സുജിത് ഇ യ്ക്ക് തൃശ്ശൂർ എഞ്ചിനീയറിങ് കോളേജിൽ കെമിക്കൽ എഞ്ചിനീയറിങ് വിഭാഗത്തിൽ ശ്രീ ഗിരീഷ്കുമാർ പി യെ തരം താഴ്ത്തിയ ഒഴിവിൽ 6/10/2023 മുതൽ ജോലിയിൽ പുന:പ്രവേശനം നല്കിയും ഇതിനാൽ ഉത്തരവാകുന്നു.

ഒപ്പ് /-

ഡോ. രാജശ്രീ എം.എസ്
ഡയറക്ടർ (ഇൻ ചാർജ്)

പകർപ്പ്
1.ബന്ധപ്പെട്ട ജീവനക്കാർക്കും സ്ഥാപന മേധാവികൾക്കും (ഔദ്യോഗിക വെബ്സൈറ്റ് മുഖേന)
2.സൂപ്രണ്ട്, ഇജി സെക്ഷൻ
3.ഇബി 3 സെക്ഷൻ
4.ഇബി 5 സെക്ഷൻ
കരുതൽ/ആഫീസ് പകർപ്പ്

Draft #2 of File EB2/23682/23/DTE Approved by Director (in-charge) on 03-Oct-2023 08:53 PM - Page 1

**Approval Valid**

Digitally Approved By
ഡോ. രാജശ്രീ എം.എസ്
Date: 03.10.2023
Reason: Approved

Draft #2 of File EB2/23682/23/DTE Approved by Director (in-charge) on 03-Oct-2023 08:53 PM - Page 2

The document is digitally approved. Hence signature is not needed.